"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ. റെൻസി സൈമൺ, അസിസ്റ്റന്റ് ഡെന്റൽ സർജൻ - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1692/2024-മേലുള്ള 25.03.2025 തീയതിയിലെ ഉത്തരവ് - അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.3796/2025/H&FWD തീയതി,തിരുവനന്തപുരം, 04-12-2025

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 1692/2024-മേലുള്ള 25.03.2025 തീയതിയിലെ ഉത്തരവ്
2. ഡോ. റെൻസി സൈമൺ സമർപ്പിച്ച 02.04.2025 തീയതിയിലെ നിവേദനം.
3. ആരോഗ്യവകുപ്പ ഡയറക്ടറുടെ 07.05.2025, 21.11.2025 തീയതികളിലെ DHS/22188/2024-EB5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പെരുമ്പാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ നിന്നും എറണാകുളം ജില്ലക്ക് സമീപത്തെ മറ്റേതെങ്കിലും ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകണമെന്നാവശ്യപ്പെട്ട് ഡോ. റെൻസി സൈമൺ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA(EKM) 1692/2024 ഫയൽ ചെയ്തിരുന്നു. ടി വിഷയത്തിൽ ഒന്നാം എതിർകക്ഷി മുൻപാകെ നിവേദനം സമർപ്പിക്കുന്നതിന് ഹർജിക്കാരിക്കും പ്രസ്തുത നിവേദനം ലഭിച്ച് മൂന്ന് ആഴ്ചക്കുള്ളിൽ ആയത് അനുകമ്പാപൂർവ്വം പരിഗണിച്ച് തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനും നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ബഹു. ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. നിലവിലെ സ്റ്റേഷനായ പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മാനസിക പീഡനം നേരിടേണ്ടി വരുന്നതായും ആരോഗ്യ പ്രശ്നങ്ങൾ കാരണം പെരുമ്പാവൂർ വരെ യാത്ര ചെയ്യേണ്ടി വരുന്നത് ക്ലേശകരമാണെന്നും ആയതിനാൽ എറണാകുളം ജനറൽ ആശുപത്രിയിലോ തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലോ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകണമെന്നും പരാമർശം (2) പ്രകാരം ഡോ. റെൻസി സൈമൺ അഭ്യർത്ഥിച്ചിരുന്നു. പെരുമ്പാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ ഒരു അസിസ്റ്റന്റ് ഡെന്റൽ

സർജൻ തസ്തികയാണുള്ളത്. അപേക്ഷകയുടെ ആവശ്യപ്രകാരം working arrangement അനുവദിക്കുന്ന പക്ഷം പെരുമ്പാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ ടിയാളുടെ അപേക്ഷ നിരസിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3. ഡോ. റെൻസി സൈമൺ ഫയൽ ചെയ്ത OA(EKM) 1692/24 നം കേസിലെ Annexure2 പ്രകാരം പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ടിനു ഡോ.റെൻസി സൈമൺ നൽകിയ പരാതിയിൻ മേൽ അന്വേഷണം നടത്തിയ റിപ്പോർട്ട് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു. ഡോ.റെൻസി സൈമൺ സഹപ്രവർത്തകരെ സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുന്നതെന്നും അതുമൂലം പല പ്രശ്നങ്ങളും ജീവനക്കാരുമായും പൊതുജനങ്ങളുമായും ഉണ്ടാകുന്നത് പതിവാണെന്നും ഒ.പി നവീകരണത്തിന്റെ ഭാഗമായി പല യൂണിറ്റുകളിലും താത്കാലിക ക്രമീകരണം നടത്തിയിരുന്നെങ്കിലും ഡെന്റൽ വിഭാഗം എ.സി സൗകര്യമുള്ള ലാബിലാണ് ക്രമീകരിച്ചതെന്നും ടി ജീവനക്കാരിക്ക് ലീവ് നിരസിച്ചു എന്ന് പരാതിയിൽ പറഞ്ഞിരിക്കുന്നത് വാസ്തവ വിരുദ്ധമാണെന്നും ജീവനക്കാരി ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചതിന് ശേഷം casual leave, compensatory holiday, weekly off എന്നിവയ്ക്ക് ഉപരിയായി പരിവർത്തിതാവധി, ആർജിതാവധി എന്നിവയും എടുത്തിട്ടുണ്ടെന്നും തുടർച്ചയായി ലീവ് എടുക്കുന്നത് ഡെന്റൽ വിഭാഗത്തിൽ വരുന്ന രോഗികളിൽ നിന്നും പല പ്രതിഷേധങ്ങൾക്കും ഇടയാക്കുന്നുണ്ടെന്നും മാനുഷിക പരിഗണന വച്ച് ടിയാൾക്കു അവധികൾ നിഷേധിക്കുക ഉണ്ടായിട്ടില്ലെന്നും താലൂക്ക് സഭ, ആശുപത്രി വികസന സമിതി എന്നീ യോഗങ്ങളിൽ ഡെന്റൽ വിഭാഗത്തെ കുറിച്ച് നിരന്തരം വിമർശനങ്ങൾ ഉണ്ടാകുന്നുണ്ടെന്നും സ്ഥാപന മേധാവി റിപ്പോർട്ട് ചെയ്തിരിക്കുന്നതായി അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ ഒരു അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തിക മാത്രമുള്ളതിനാൽ, ഡോ. റെൻസി സൈമൺ-ന് എറണാകുളം ജനറൽ ആശുപത്രിയിലോ തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലോ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയാൽ ആയത് പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നത് കണക്കിലെടുത്ത്, ഡോ. റെൻസി സൈമൺ സമർപ്പിച്ച പരാമർശം (2) പ്രകാരമുള്ള അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. OA(EKM) 1692/2024-ൻമേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ഡോ.റെൻസി സൈമൺ, അസിസ്റ്റന്റ് ഡെന്റൽ സർജൻ
(ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് /എ&ഇ)
കരുതൽ ഫയൽ(എ3/64/2025-ആരോഗ്യം)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 05-12-2025 10:16:19

**<u>Endt.Lr.No.DHS/22188/2024-EB5 Dated: #ApprovedDate#</u>**

Copy of the Govt.Order communicated to the incumbent,Head of the Institutions and Concerned District Medical Officer of Health for information and necessary action.

Signed by
Reena K J
Date: 11-12-2025 12:56:40

Director Of Health Services